# വിദ്യാഭ്യാസ ചിന്തകനായ മഹാകവി

പി. കൃഷ്ണവാരിയർ

ഒരു വിദ്യാഭ്യാസവിദഗ്ദ്ധനെന്ന നിലയിൽ ഇടശ്ശേരിയെ അദ്ദേഹത്തിന്റെ അടുത്ത ആരാധകർ പോലും കണ്ടിട്ടില്ല. കാവ്യരംഗത്തെന്നപോലെ മറ്റെല്ലാ ജീവിതമണ്ഡലങ്ങളിലും തലയെടുപ്പോടെ നിന്ന ആ മഹാകവി വിദ്യാഭ്യാസത്തെപ്പറ്റിയും ആഴത്തിൽ ചിന്തിച്ചിട്ടുണ്ട്. ഔപചാരിക വിദ്യാഭ്യാസം നേടാനായി പ്രൈമറിസ്ക്കൂളിന്നപ്പുറം പോകാൻ സാമ്പത്തിക പരാധീനമൂലം കഴിയാതെവന്ന ആ പ്രതിഭാധനൻ വായിച്ചും പഠിച്ചും മനനം ചെയ്തും അദ്വൈതം മുതൽ അണുസിദ്ധാന്തം വരെയുള്ള ഏതു കാര്യവും മനസ്സിലാക്കുകയും അവയെപ്പറ്റി തനതായ അഭിപ്രായങ്ങൾ രൂപീകരിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ വിദ്യാഭ്യാസവീക്ഷണങ്ങൾ മൗലികങ്ങളും ദീർഘദർശിത്വമുള്ളവയും, ഇന്നത്തെ സാഹചര്യത്തിൽ ഏറെ പ്രസക്തങ്ങളുമത്രെ.

ജീവിതത്തിലെ ഏറ്റവും പ്രധാനവ്യാപാരമായ ഈ കൊള്ളക്കൊടുക്കലിൽ നമുക്ക് നഷ്ടപ്പെടുന്ന അമൂല്യസമ്പത്തിനെച്ചൊല്ലി കവി ദുഃഖിതനാണ്!

'അനുഭൂതികളില്ലാതെത്രയോ പഠിച്ചു നാ-
മനുഭൂതികൾക്കല്ലാതെത്രയോ പഠിപ്പിച്ചു.'

വിദ്യാഭ്യാസത്തിന്റെ നിലവാരത്തകർച്ചയെപ്പറ്റി അന്വേഷിച്ചുകൊണ്ടിരിക്കുന്ന ഗവേഷകർ തീർച്ചയായും ശ്രദ്ധിക്കേണ്ട വരികളാണിവ.

വിദ്യാഭ്യാസ പ്രക്രിയയിലെ ഏറ്റവും പ്രധാന കണ്ണികൾ വിദ്യാർത്ഥിയും അദ്ധ്യാപകനുമാണല്ലോ.

അതിനാൽ നമുക്കവരെ അടിസ്ഥാനമാക്കിത്തന്നെ ഈ പ്രബന്ധവിചാരം ചെയ്യുക. അനുഭൂതികളോടെ വിജ്ഞാനം നേടാനും നല്കാനും കഴിയുക; ഇതല്ലേ യഥാർത്ഥ വിദ്യാഭ്യാസം? കവിയുടെ ഭാഷയിൽ വിജ്ഞാനമെന്നത് ആത്മാവിനുള്ളൊരസ്വസ്ഥത, വളർച്ചയെഴും വെമ്പൽ, പൂർണ്ണതയ്ക്കുള്ള തേങ്ങൽ ആണ്. അത് തേടി പുറപ്പെടുന്നവനാണ് വിദ്യാർത്ഥി. അമ്പതുകൊല്ലം മുമ്പ് അവൻ കണ്ട രൂപമല്ല ഇന്ന് വിദ്യാഭ്യാസത്തിനുള്ളത്. അന്നത്തെ ആ അകൃത്രിമഭംഗി ഇന്ന് നഷ്ടപ്പെട്ടിരിക്കുന്നു. അന്ന് ആ എള്ളിൻ പൂവൊത്ത മൂക്കിൽ തൂങ്ങിന പൊൻഞാത്ത് ഇന്നപ്രത്യക്ഷമായിരിക്കുന്നു. അതിന്നുപകരം കൃത്രിമപ്രൗഢിക്കുവേണ്ടി ഇന്ന് ആ മുഖം പൗഡർ പൂശി മിന്നിത്തിളങ്ങുന്നതായിരിക്കുന്നു. ഈ പുറം മോടിയിലാണല്ലോ നമ്മുടെ മനസ്സ് ഇന്ന് കുടുങ്ങിക്കിടക്കുന്നത്.

വിദ്യാഭ്യാസം മനുഷ്യമനസ്സിനെ സംസ്കരിക്കുന്ന പ്രക്രിയയാകാം; പക്ഷെ, അതു പ്രകൃതിയിൽ നിന്നകലേണ്ടതുണ്ടോ? സംസ്കരണമെന്നാൽ പ്രകൃതിയെ നിഷേധിക്കലാണോ? പ്രകൃതിയുടെ ഭാഷ അറിയുന്നവരത്രെ ശിശുക്കൾ. പൂഴിമുറ്റത്ത് പൂക്കൾ തൂകി, കാഞ്ചനവെയിലും നുണച്ചിറക്കി, കാറ്റിലുലയുന്ന അലരിതൻ ചില്ലയിന്മേൽ ഇളംകിളികൾ വന്നിരിക്കുന്നു; ശിശുക്കളോട് കൊഞ്ചുന്നു. അവർ തമ്മിൽ പേച്ചറിയുന്നവരാണ്. എന്നാൽ ഈ ശിശു പള്ളിക്കൂടങ്ങളിൽപോയി പഠിച്ചുവരുമ്പോഴേയ്ക്കും അവർ അന്യോന്യം അപരിചിതരാകുന്നു. ഇത്തിരി വ്യാകരണം വായിലാക്കീട്ടു വരുമ്പോഴേയ്ക്കും നാനാജഗന്മനോരമ്യഭാഷ നാവിൽനിന്ന് വിട പറയുന്നു. തമ്മിൽ തമ്മിൽ കമ്പം പിടിക്കും കളിമ്പമാർന്ന പക്ഷിമൃഗാദികളും മനുഷ്യശിശുക്കളും, തിര്യക്കുകളും മർത്ത്യപുത്രരുമായി മാറുന്നു. ഈ മാറ്റം വരുത്തുന്നതോ പുസ്തകജ്ഞാനവും! ആഭിജാത്യത്തിന്റെ ശപ്താഭിമാനം വളർത്തുന്ന ഈ ഭേദബുദ്ധിയാണോ വിദ്യാഭ്യാസം കൊണ്ട് മനുഷ്യൻ നേടേണ്ടത്?

വിദ്യാഭ്യാസലക്ഷ്യങ്ങൾ ലളിതവും പരിമിതവുമായിരുന്ന ഒരു കാലമുണ്ടായിരുന്നു. എഴുതാൻ പഠിക്കണം, കൂട്ടിവായിക്കാൻ പഠിയ്ക്കണം, ഇത്തിരി കണക്കുകൂട്ടാൻ പഠിയ്ക്കണം ഉപജീവനമാർഗ്ഗങ്ങളെ പ്രത്യേകവല്ക്കരണം  എന്ന വേലിക്കെട്ടുകളാൽ വേർതിരിച്ചു നിർത്തിയിരുന്നില്ല,

അക്കാലത്ത്, ഡോക്ടറോ, എഞ്ചിനീയരോ ആക്കാനുള്ള അസംകൃത വസ്തുക്കളായി മാതാപിതാക്കൾ ശിശുക്കളെ കണ്ടിരിന്നില്ല. 'ഒന്നാം റാങ്കു'നേടാതെ ഇപ്പടികടക്കരുതെന്ന്' ഒരു 'ഡാഡിയും' 'മമ്മിയും' കുട്ടിയോടു പറയാറില്ല. അതിന്നായുള്ള സൂത്രങ്ങൾ അന്വേഷിച്ചുള്ള മാനസിക സംഘർഷങ്ങൾ മാതാപിതാക്കൾക്കനുഭവിക്കേണ്ടി വരാറുമില്ല. ഏറിയാൽ 'കയ്യക്ഷരം' നല്ലതാക്കൂ എന്ന ആശിസ്സും കല്പനയും മാത്രമേ ഒരച്ഛന് കുട്ടിക്ക് കൊടുക്കാനുണ്ടാവൂ. ആ ചെത്തുവഴിയിലൂടെ കവിയെപ്പോലെ ആയാസരഹിതരായി ശാന്തചിത്തരായി നടന്നു കയറിയവർ ഒട്ടൊന്നുമല്ലതാനും. ജീവിതം അത്യന്തം സങ്കീർണ്ണമായിത്തീർന്നിട്ടു

ള്ള ഈ കാലഘട്ടത്തിൽ ജീവിതായോധനത്തിൽ ഓരോ കുട്ടിയും ഏതായുധമേന്തണമെന്നത് അച്ഛനമ്മമാരാണോ തീർച്ചപ്പെടുത്തേണ്ടത്? കവിക്കതിനെപ്പറ്റി വ്യക്തമായ അഭിപ്രായമുണ്ട്. ഇക്കാലത്തെ ഏതൊരു രക്ഷിതാവും അവശ്യം അറിഞ്ഞിരിക്കേണ്ട ഒരഭിപ്രായമാണിത്.

‘നീയെന്തായ്ത്തീരണം? ആ മുകുളം
നിന്നിലേ നിന്നു വിരിഞ്ഞിടട്ടേ
ഭദ്രമായോരു ഹൃദയമുണ്ടേ,
ശക്തമായോരിളം പൂവുടലും
ഞാനിതാശംസിക്കാം : നീ യഥേഷ്ടം
ജ്ഞാനങ്ങൾ നേടിക്കഴിയുമ്പോഴും
ഈ മനശ്ശോഭയൊത്തിശ്ശരീര-
സ്ഥേമാവഭംഗുരമാക നിങ്കൽ!’

വിദ്യാഭ്യാസം മൂല്യാധിഷ്ഠിതമായിരിക്കണമെന്ന് സാമൂഹ്യശാസ്ത്രജ്ഞർ എത്രയോ കാലമായി പറയുന്നതാണ്. നൈതികമൂല്യങ്ങൾ ഇന്ന് എടുക്കാത്ത നാണയങ്ങളായി മാറിയിരുക്കുകയാണല്ലോ. ഇന്നു സമൂഹം ഏറ്റവും വിലകല്പിക്കുന്നത് വിദ്യാഭ്യാസത്തിന്റെ ബിസിനസ് ലക്ഷ്യത്തിലാണ് - വിദ്യാഭ്യാസത്തിന്റെ ആത്യന്തികലക്ഷ്യം പരീക്ഷയിൽ റാങ്കു നേടലായി അധഃപതിച്ചിട്ടുണ്ട്, ഇന്ന്, (അധഃപതിച്ചിട്ടുണ്ട് എന്ന പദം ബോധപൂർവ്വം പ്രയോഗിച്ചതു തന്നെ.) ഇതിന്നെതിരെ ശക്തമായ താക്കീത് കാൽനൂറ്റാണ്ടു മുമ്പുതന്നെ ഇടശ്ശേരി നല്കിയിട്ടുണ്ട്.

കളിചിരിയില്ലാതെ, ഊണുറക്കങ്ങളിൽ സമാസക്തിയില്ലാതെ, പൂക്കളിൽ സംഗീതമാധുരി തേടി നടക്കുന്ന വണ്ടുകളാലോ മുറ്റത്തു പിച്ചവച്ചു നടക്കുന്ന കൊച്ചരിപ്രാവികളാലോ അരിമുല്ലയുടെ ചാരുഗന്ധം നുകർന്നു വരുന്ന ഇളംകാറ്റുകളാലോ ആകൃഷ്ടരാകാതെ സാരസ്വതാമൃതലോലുപചിത്തരായി ‘ഇന്നത്തെയിസ്സന്ധി ചാടിക്കടക്കണം’ എന്ന ഒരേ ഒരു വിചാരത്തോടെ കൊല്ലപ്പരീക്ഷയ്ക്കായി പഠിക്കുന്ന കിട്ടികളെ നോക്കൂ ഈ പരീക്ഷ കഴിഞ്ഞാൽ സുഖമായി എന്നാണവരുടെ വിശ്വാസം. പാവങ്ങൾ! ഇതിലും വലിയ പരീക്ഷകൾ അവരെക്കാത്തിരിക്കുന്നു - ദത്താവധാനരായില്ലെങ്കിലോ നിലം പൊത്തിക്കുമാറുള്ളൊരഗ്നിപരീക്ഷകൾ! പരീക്ഷയിൽ ഉന്നത വിജയം നേടാനുള്ള അദമ്യമോഹത്തിന്റെ ലക്ഷ്യം വാടാസ്സുഖം പെറുന്ന കാലമാണല്ലോ. അങ്ങനെയൊരു കാലം വന്നെത്തുമോ? എത്തിയേയ്ക്കാം. എന്നാൽ, അന്ന് ശാസ്ത്രാദ്ധ്യയനം കൊണ്ടു നാം നേടിയ അത്ഭുതസിദ്ധികൾ കൊച്ചുകുട്ടികളുപേക്ഷിച്ച പട്ടംപോലെ കീറിക്കിടക്കും; ഭാഷ കുട്ടികളുപേക്ഷിച്ച കളിവണ്ടിപോലെ ദൂരെക്കിടക്കും; നമുക്ക് സങ്കല്പചക്രവാളം കൊണ്ട് മോതിരമിട്ടു നടക്കാറാകും. പക്ഷേ, പണ്ടു മനുഷ്യനെ പത്തിവിരുത്താതെ പറ്റിച്ച കശ്മലൻ അന്നെത്തും. അവൻ അന്നു മനുഷ്യനെപ്പറ്റി പറയും ‘ഇവൻ പണ്ടത്തെയാമൃഗം ഏറെത്തടിച്ചവൻ’ എന്ന്,

വിദ്യാർത്ഥികൾക്കായി നൽകാൻ കവിക്ക് ലളിതമായ ഒരു ഉപദേശമേയുള്ളൂ:

‘പണിക്കും കളിക്കുമായ്
ബ്ഭാഗിക്കൂ സമയം’

എന്നും,

‘നെല്ലിനു നിലം വേറെ,
മേച്ചിൽക്കുവേറെ, രണ്ടും
കൊള്ളാതെയാമേ കൂട്ടി
ച്ചേർത്തൊരു തുണ്ടാക്കുമ്പോൾ’.....’

എന്നും ഓർക്കാനേ അദ്ദേഹം അവരോടു പറയുന്നുള്ളു. ‘ഒരു കുട്ടിയും മന്ദനായി ജനിക്കുന്നില്ല, നാം അവരെ മന്ദന്മാരാക്കുന്നു’ എന്ന ശിശുമനശ്ശാസ്ത്രതത്ത്വം കവി വിശ്വസിക്കുന്നു. പരീക്ഷയിൽ വിദ്യാർത്ഥികൾ തോൽക്കുന്നത് അവരുടെ കഴിവുകേടു കൊണ്ടാണെന്ന് അദ്ദേഹം കരുതുന്നില്ല.

‘കൊയ്തേറും കണ്ടങ്ങളിൽ
ക്കൊയ്ത്തരിവാളെത്താതെ
കൂടിയ കൂളൻ കതിർ
കർഷകൻ കാണുംപോലെ
ഉറ്റവർക്കഴ, ലോതി-
ത്തന്നവർക്കഴൽ, - അയ്യോ
തോറ്റമക്കളേ, നിങ്ങ-
ളെന്തൊരുനിർഭാഗ്യങ്ങൾ!’

അദ്ധ്യാപകനെപ്പറ്റി ഏറെ മതിപ്പും പ്രതീക്ഷയും കവിക്കുണ്ട്. അനുഭൂതികൾക്കായി പഠിപ്പിക്കുന്നവനാകണം അദ്ധ്യാപകനെന്ന് അദ്ദേഹത്തിന്ന് നിർബ്ബന്ധവുമുണ്ട്. ആ അദ്ധ്യാപകൻ പെറ്റമ്മയേക്കാൾ ഉയർന്നു നിൽക്കുന്നവനാണ്.

'ആലശീലകളാലേ
വിശ്രമം ക്ഷീണിപ്പിപ്പു
വേലയാലദ്ധ്യാപകൻ
നേടുന്നൂ നവോന്മേഷം
ജിജ്ഞാസാപൂർണ്ണങ്ങളാം
മുഖങ്ങൾക്കെതിർ നിന്നു
വിജ്ഞാനം വാരിക്കോരി-
ക്കൊടുക്കാൻ കഴിയുമ്പോൾ
ചുരന്ന മുല ചോരി-
വായിൽച്ചേർത്തെല്ലാം മറ-
ന്നിരിക്കും പെറ്റമ്മയെ-
ത്തോല്പിപ്പൂ ഗുരുനാഥൻ.'

തന്റെ കുട്ടിയെ ഗുരുനാഥന്റെ കയ്യിലേൽപ്പിക്കുന്ന രക്ഷിതാവിന്ന് എന്തെന്തു പ്രതീക്ഷകളാണുള്ളത് എന്നത് അദ്ധ്യാപകർ സദാ ചിന്തിച്ചിരിക്കണം. 'തച്ചു നന്നാക്കിടേണം മാസ്റ്ററിച്ചെറുക്കനെ' എന്നു പറഞ്ഞേൽപ്പിക്കുമ്പോഴും അച്ഛന്റെ രണ്ടു കണ്ണുകളും തൻ കിശോരൻ തൻ മൂർദ്ധ്നി അനുഗ്രഹപാണി പോലെ താഴുന്നു.

അഥവാ, വിദ്യാർത്ഥികൾക്ക് നൽകാൻ യാതൊന്നും കൈമുതലായില്ലാത്ത ഒരദ്ധ്യാപകനായാലോ? അയാൾ വിദ്യാർത്ഥികളിൽ നിന്ന് വല്ലതും നേടാൻ തയ്യാറാവുകയെങ്കിലും വേണം. മാനേജരുടെ എല്ലാ ചോദ്യങ്ങൾക്കും 'എന്നെ നിയമിക്കേണം' എന്നു മാത്രം പറഞ്ഞ ദീർഘകായനും വ്യൂഢോരസ്കനം സംഭ്രാന്ത നേത്രനും സാക്ഷാൽ ഭീമൻ ഭീരുവേഷം കെട്ടിയപോലുള്ളവനുമായ ഉദ്യോഗാർത്ഥി കൂട്ടത്തിൽ ഏറ്റവും കഴിവു കെട്ടവൻ താനാണെന്നറിഞ്ഞിട്ടും മാനേജർ തന്നെ തിരഞ്ഞെടുത്തപ്പോൾ വിസ്മയപ്പെട്ടു മന്ദം ചോദിക്കുന്നു:

'എന്നിൽ നിന്നെൻ മാനേജരെ, ക്ഷമിക്കണം,
വിദ്യാർത്ഥികൾക്കെന്തു കിട്ടുമെന്നോ ഭവാൻ പ്രതീക്ഷിക്കുന്നു?'
മാനേജർ നിഷ്കമ്പമോതുന്നത്,
'........... അതല്ലെൻ പരിഗണന
നിങ്ങൾക്കവരിൽ നിന്നെന്തു കിട്ടുമെന്നത്രെ!'

എന്നാണ്. ഒരു ചിരി ചിരിച്ചു തള്ളിക്കളയാനുള്ളതല്ല ഈ പ്രസ്താവം. അദ്ധ്യാപക നിയമനത്തിന്റെ അടിസ്ഥാന വശത്തിലാണ് കവി ഇവിടെ വിരൽ ചൂണ്ടുന്നത്.

നാടിനേയും മനുഷ്യരാശിയുടേയും ഭാവിയെപ്പറ്റി ഉൽക്കണ്ഠപ്പെടുന്ന ആർക്കും തന്നെ ഈ അഭിപ്രായങ്ങൾ കണ്ടില്ലെന്നു നടിക്കാനാവില്ല. അവ പ്രാവർത്തികമാക്കുന്നിടത്താണ് ഭാവിക്ഷേമത്തിന്റെ അടിത്തറ.

മലയാളകവിത, ഒക്ടോബർ 1986